നമ്പർ എൻ.ഇ.പി 3/18765/2005

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 10.02.2009

## സർക്കുലർ

**വിഷയം** : **ഹൈസ്കൂൾ ക്ലാസ്സുകളിലെ 2008-09 അധ്യയനവർഷത്തെ വാർഷിക ഐ.ടി.പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

**സൂചന** : 16.10.2008-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ.പി -3/37917-ാം നമ്പർ സർക്കുലർ.

സംസ്ഥാനത്ത് 2007-08 അദ്ധ്യയന വർഷം മുതൽ 8,9,10 ക്ലാസ്സുകളിൽ പൂർണ്ണമായും IT@School GNU/LINUX ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ് ഐ.ടി.പഠനം നടക്കുന്നത്. ഈ ക്ലാസ്സുകളിലെ ഐ.ടി പ്രായോഗിക പരീക്ഷ നടത്തുന്നതിന് പ്രത്യേകം വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തുടനീളം ഏകീകൃത രീതിയിൽ ഐ.ടി. പ്രായോഗിക പരീക്ഷ നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രസ്തുത സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളത്. 8,9 ക്ലാസുകളിൽ 2008-09 അധ്യയനവർഷത്തിലെ വാർഷിക ഐ.ടി പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

(1) ഐ.ടി പ്രായോഗിക പരീക്ഷ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തേണ്ടത്.

(2) ഐ.ടി പ്രായോഗിക പരീക്ഷ 2009 ഫെബ്രുവരി 13 മുതൽ 19 വരെയും മാർച്ച് 6 മുതൽ 10 വരെയും ഉള്ള തീയതികളിൽ നടത്തിത്തീർക്കേണ്ടതാണ്

(3) അർദ്ധവാർഷിക പരീക്ഷയുടെ മാതൃകയിൽ തന്നെയാണ് വാർഷിക ഐ.ടി പ്രായോഗിക പരീക്ഷയും നടത്തുന്നത്. 8, 9 ക്ലാസുകളിൽ ഒന്ന്, രണ്ട് പാദവാർഷിക പരീക്ഷകൾക്കുവേണ്ടി നൽകിയിട്ടുള്ള സോഫ്റ്റ്‌വെയർ CDയിൽ തന്നെ വാർഷിക പരീക്ഷക്ക് ആവശ്യമായ ഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(4) വർഷാന്ത്യ പരീക്ഷയ്ക്കുള്ള ഇൻവിജിലേറ്റർ കോഡ് ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോർഡിനേറ്റർമാർക്ക് ലഭ്യമാക്കുന്നതാണ്. ജില്ലാ കോർഡിനേറ്റർമാർ വിദ്യാഭ്യാസ ജില്ലകളിലെ സ്കൂളുകളിലേക്ക് ആവശ്യമുള്ളവ മാത്രം മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർക്ക് നൽകേണ്ടതാണ്. മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർമാർ സ്കൂളുകൾക്ക് ഈ-മെയിലായി അവരവരുടെ സ്കൂളിന്റെ ഇൻവിജിലേറ്റർ കോഡ് നൽകേണ്ടതാണ്.

(5) സ്കൂളുകൾക്ക് ലഭിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സ്കൂളിനുപുറമെ പരസ്യപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട പൂർണ ഉത്തരവാദിത്തം സ്കൂൾ ഹെഡ്മാസ്റ്റർക്കാണ്.

(6) ഈ പ്രായോഗിക പരീക്ഷയിൽ ലഭിക്കുന്ന സ്കോർ വർഷാന്ത്യ എഴുത്തു പരീക്ഷയിൽ ലഭിക്കുന്ന സ്കോറിനോടൊപ്പം ചേർത്ത് കണക്കാക്കേണ്ടതും അടുത്ത ക്ലാസിലേക്കുള്ള പ്രമോഷനിൽ പരിഗണി ക്കേണ്ടതുമാണ്.

(7) ഓരോ ക്ലാസിലെയും ഐ.ടി പ്രായോഗിക പരീക്ഷ മുകളിൽപ്പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതും കൺസോളിഡേറ്റഡ് സ്കോർഷീറ്റിന്റെ പ്രിന്റ് ഔട്ട് ഹെഡ്മാസ്റ്ററും സ്കൂൾ ഐ.ടി കോർഡിനേറ്ററും ഒപ്പിട്ട് പരിശോധനക്കായി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്ക്കൂൾ പ്രോജക്ട്
2. എല്ലാ DDEമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഹൈസ്കൂൾ പ്രഥമ അദ്ധ്യാപകർക്കും *(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)*
5. ജില്ലാ കോർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോർഡിനേഷൻ/മാസ്റ്റർ ട്രെയിനർ, ഐ.ടി@സ്കൂൾ പ്രോജക്ട്.